ഉത്തരം

(എ) ഉണ്ട്.

(ബി)

തീയതി	എണ്ണം
30-3-2002	26
4-10-2002	135
2-12-2002	5
23-1-2003	68
10-11-2003	16
9-10-2004	3
22-2-2005	18
ആകെ	271

(സി) എസ്റ്റിമേറുകളും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 4-4-2002, 17-10-2002, 13-12-2002, 3-2-2002, 18-11-2003, 13-10-2004, 22-12-2004, 28-12-2005 എന്നീ തീയതികളിൽ ലഭിക്കുകയും 18-7-2002, 27-9-2002, 14-12-2003, 18-2-2003, 20-2-2003, 11-4-2003, 25-4-2003, 31-5-2003, 20-10-2003, 11-11-2003, 26-12-2003, 3-12-2003, 31-5-2004, 31-3-2005, 19-4-2005, 20-4-2005 എന്നീ തീയതികളിൽ എസ്റ്റിമേറ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(എഫ്) ലഭിച്ചു.

(ജി) ബാധകമല്ല.

(എച്ച്) പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

(ഐ) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ മുടക്കം കൂടാതെ ചെയ്തുകൊണ്ടിരിക്കുകയാണ്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

46 [2035] ശ്രീ. സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ജെ. ജോയി:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച കരാർ തയ്യാറാക്കിയതാരാണ്;

(ബി) ഈ ജോലിയുടെ കരാർ എസ്. എൻ. സി. ലാവ്‌ലിന് കാട്ടേഷൻ ക്ഷണിക്കാതെ നൽകുന്നതിന്റെ പേരിൽ പ്രസ്തുത കമ്പനി 100 കോടി രൂപ മലബാർ ക്യാൻസർ സെന്ററിന് നൽകുമെന്ന് കരാറിൽ ഉണ്ടായിരുന്നുവോ; കരാറിൽ ആ വ്യവസ്ഥകൂടി ചേർക്കാനുള്ള ഉത്തരവാദിത്വം ആർക്കായിരുന്നു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ കരാർ തയ്യാറാക്കിയവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ബോർഡ് തലത്തിലും സർക്കാർ തലത്തിലും എസ്.എൻ.സി. ലാവ്‌ലിൻ, എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി എന്നീ ഏജൻസികളും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്.എൻ.സി. ലാവ്‌ലിൻ അയച്ചുതന്ന കരാറും അഡൻഡവും റിവിഷനുകളും പരിശോധിച്ചതിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡ് ആണ് കരാർ തയ്യാറാക്കിയത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച ജോലി

47 [2036] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
,, ലൂഡി ലൂയിസ്:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച ജോലി എന്തു തുകയ്ക്കാണ് കരാർ നൽകിയത്;

(ബി) പ്രസ്തുത കരാർ മൂലം എന്തെല്ലാം വിധത്തിലുള്ള നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ബാങ്ക് ചാർജിനത്തിൽ പ്രസ്തുത കമ്പനിക്ക് എന്തു തുക കൊടുക്കേണ്ടതായി വന്നു;

(ഡി) ഒരു ഇന്ത്യൻ കമ്പനിക്ക് ഈ ജോലി കൊടുത്തിരുന്നെങ്കിൽ ബാങ്ക് ചാർജ് ഇനത്തിൽ തുക കൊടുക്കേണ്ടതായി വരുമായിരുന്നുവോ;

(ഇ) ഡോളർ, വിനിമയ നിരക്കിൽ വന്ന വ്യത്യാസം മൂലം എത്ര രൂപയുടെ നഷ്ടമുണ്ടായി;

(എഫ്) കമ്മിറ്റ്മെന്റ് ചാർജായി എന്തു തുക കൊടുക്കേണ്ടതായി വന്നു;

(ജി) കമ്മിറ്റ്മെന്റ് ചാർജ് എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മൊത്തം 243.98 കോടി രൂപ.

(ബി) പരിശോധിച്ചു വരുന്നു.

(സി) എസ്. എൻ. സി. ലാവ്‌ലിൻ കമ്പനിക്ക് തുക ഒന്നും കൊടുക്കേണ്ടതായി വന്നിട്ടില്ല. ഇൻഡ്യയിലുള്ള ബാങ്കുകൾക്ക് ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 28.86 കോടി രൂപയും പലിശ, കമ്മിറ്റ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly